# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 6303 11/07/2012 ൽ മറുപടിക്ക്

## പി.എസ്.സിയിൽ ഒറ്റത്തവണ രജിസ്ട്രേഷൻ എന്ന നടപടി

ചോദ്യം:

ശ്രീ. കെ. വി. വിജയദാസ്

ഉത്തരം:

ശ്രീ. ഉമ്മൻചാണ്ടി
മുഖ്യമന്ത്രി

(എ) പി.എസ്.സി.യിൽ ഒറ്റത്തവണ രജിസ്ട്രേഷൻ എന്ന നടപടി ഉദ്യോഗാർത്ഥികൾക്ക് ഏറെ ബുദ്ധിമുട്ടു ണ്ടാക്കുന്നുവെന്നുള്ള വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ:

(ബി) രാവിലെ മുതൽ പി.എസ്.സി. ഓഫീസുകളിൽ വെരിഫിക്കേഷന് എത്തിച്ചേരുന്ന ഉദ്യോഗാർത്ഥികൾ ഓഫീസ് സമയം കഴിഞ്ഞും ഏറെ നേരം ഓഫീസുകളിൽ കാത്തിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ: ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനായി എന്തെ ല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്നുള്ള വിവരം നൽകുമോ :

(എ)യും (ബി) യും.
ഉണ്ട്. ഉദ്യോഗാർത്ഥികൾക്ക് ഏറ്റവും വേഗത്തിൽ നിയമന ശുപാർശ നൽകുക എന്ന ലക്ഷ്യത്തോടെ പി.എസ്.സി. ആവിഷ്കരിച്ചിരി ക്കുന്ന പദ്ധതിയാണ് ഒറ്റത്തവണ രജിസ്ട്രേഷൻ. ഇതുപ്രകാരം നടത്തിയ ആദ്യ വിജ്ഞാപന ത്തിന്റെ വെരിഫിക്കേഷൻ നടപടികളും തുടർ നടപടികളും പുരോഗമിച്ചു വരികയാണ്. വെരിഫിക്കേഷൻ സമയത്ത് ഉദ്യോഗാർത്ഥി കളുടെ എല്ലാ വിവരങ്ങളും സൂക്ഷ്മപരിശോധന നടത്തി നോക്കി തിട്ടപ്പെടുത്തുന്ന പ്രക്രിയ നടക്കുന്നതുകൊണ്ടാണ് ഉദ്യോഗാർത്ഥികൾ പലപ്പോഴും ഏറെനേരം കാത്തിരിക്കേണ്ടി വരുന്നത്.

(സി) പ്രസ്തുത നടപടി കുറ്റമറ്റ രീതിയിലും അനായാസവുമാക്കാൻ നടപടി സ്വീകരിക്കുമോ ?

(സി) ഈ പദ്ധതി കുറ്റമറ്റ രീതിയിലും അനായാസവുമാക്കുന്നതിനുള്ള നടപടികൾ പി.എസ്.സി. സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ